# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 2600

18.06.2014 ലെ മറുപടിക്ക്

### ടൂറിസ്റ്റുകളുടെ എണ്ണവും ടൂറിസത്തിൽ നിന്നുമുള്ള വരുമാനവും

**ചോദ്യം**

ശ്രീമതി. കെ.എസ്. സലീഖ

**ഉത്തരം**

ശ്രീ. എ.പി.അനിൽകുമാർ
(ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

എ) 2013-14 സാമ്പത്തിക വർഷം കേരളം സന്ദർശിച്ച വിദേശ ടൂറിസ്റ്റുകളുടെ എണ്ണം എത്ര; ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം എത്ര; ഇതുവഴി എത്ര കോടി രൂപയുടെ വരുമാനമുണ്ടായി; ഇതിന്റെ എത്ര ശതമാനം വിദേശനാണ്യമായി ലഭിച്ചു; ഇത് 2011-12, 2012-13 സാമ്പത്തിക വർഷങ്ങളുമായി താരതമ്യം ചെയ്യുമോ; വിശദമാക്കുമോ;

എ) തദ്ദേശ-വിദേശ വിനോദസഞ്ചാരികളുടെ കണക്കുകൾ കലണ്ടർവർഷത്തിലാണ് തിട്ടപ്പെടുത്താറുള്ളത്. 2013 ൽ 10857811 തദ്ദേശ സഞ്ചാരികളും 858143 വിദേശ സഞ്ചാരികളും കേരളം സന്ദർശിക്കുകയുണ്ടായി. ഇതുവഴി 5560.77 കോടി രൂപ വിദേശ നാണ്യമായി ലഭിച്ചു. കഴിഞ്ഞ വർഷങ്ങളുമായി താരതമ്യം ചെയ്ത വിവരം ചുവടെ ചേർക്കുന്നു:

| വർഷം | വരുമാനം | വിദേശ നാണ്യം |
|---|---|---|
| 2011 | 19037.00 | 4221.99 |
| 2012 | 20430.00 | 4571.69 |
| 2013 | 22926.55 | 5560.77 |

ബി) വിദേശ ടൂറിസ്റ്റുകളിൽ കൂടുതൽ പേർ ഏത് രാജ്യത്തു നിന്നുള്ളവർ, ആഭ്യന്തര ടൂറിസ്റ്റുകളിൽ കൂടുതൽ ഏത് സംസ്ഥാനത്ത് നിന്നുള്ളവർ; വ്യക്തമാക്കുമോ;

ബി) വിദേശ ടൂറിസ്റ്റുകളിൽ കേരളം സന്ദർശിച്ചതിൽ ഏറ്റവും കൂടുതൽ ഇംഗ്ലണ്ടിൽ നിന്നുമുള്ളവരാണ്. ഏകദേശം 1,50,000 പേർ 2013 ൽ കേരളം സന്ദർശിച്ചിട്ടുണ്ട്. തമിഴ്നാട്ടിൽ നിന്നാണ് ഏറ്റവും അധികം വിനോദസഞ്ചാരികൾ 2013ൽ കേരളം സന്ദർശിച്ചിട്ടുള്ളത്. ഇത് ഏകദേശം 14 ലക്ഷത്തോളം പേർ വരും.

(..........2)

സി) ഈ സർക്കാർ അധികാരമേറ്റ ശേഷം വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കാൻ ടൂറിസം വകുപ്പ് മന്ത്രി എത്ര വിദേശ രാജ്യങ്ങൾ സന്ദർശിച്ചു; ഏതൊക്കെ വിദേശ രാജ്യങ്ങൾ ; എത്ര ദിവസം വിദേശരാജ്യങ്ങളിലായിരുന്നു; ആയതിന് സംസ്ഥാന ഖജനാവിൽ നിന്നും നാളിതുവരെ എന്തു തുക ചെലവഴിച്ചു; വിശദാംശം വ്യക്തമാക്കുമോ;

ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം വിദേശയാത്രകളുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് മന്ത്രിയെ അനുഗമിച്ച ഉദ്യോഗസ്ഥരടക്കമുള്ള പേഴ്സണൽ സ്റ്റാഫിലെ അംഗങ്ങൾ സംസ്ഥാന ഖജനാവിൽ നിന്നും ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കുമോ; ആരൊക്കെയാണ് ഇത്തരത്തിൽ വിദേശയാത്ര നടത്തിയതെന്നും സംസ്ഥാന ഖജനാവിൽ നിന്നും ഓരോരുത്തരും ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ?

സി) യും ഡി) യും ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിദേശ ടൂറിസം ഫെയറുകളും റോഡ്ഷോകളുമായി ബന്ധപ്പെട്ട് ബഹു.ടൂറിസം വകുപ്പ് മന്ത്രി നടത്തിയ വിദേശ യാത്രകളുടെയും അദ്ദേഹത്തെ അനുഗമിച്ച വകുപ്പ് ഉദ്യോഗസ്ഥരുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത യാത്രകളിൽ പേഴ്സണൽ സ്റ്റാഫിലെ അംഗങ്ങളാരും മന്ത്രിയെ അനുഗമിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ

## അനുബന്ധം

### ബഹു. ടൂറിസം വകുപ്പുമന്ത്രിയും ഉദ്യോഗസ്ഥരും കേരളത്തിലെ ടൂറിസം വികസനം ലക്ഷ്യമാക്കി നടത്തിയ വിദേശയാത്രയുടെ വിശദാംശങ്ങൾ

| | സന്ദർശിച്ച രാജ്യം | ബഹു.മന്ത്രിക്കു വേണ്ടി ചെലവായ തുക (രൂപ) | ബഹു.മന്ത്രിക്ക് പൊതുഭരണ വകുപ്പ് അനുവദിച്ച വിമാന യാത്രാക്കൂലി | യാത്രയിൽ ബഹു.മന്ത്രിയെ അനുഗമിച്ച ഉദ്യോഗസ്ഥർ | ഉദ്യോഗസ്ഥർക്ക് വേണ്ടി ചെലവായ തുക (രൂപ) | യാത്രചെയ്ത തീയതികൾ |
|---|---|---|---|---|---|---|
| 1. | സ്വിറ്റ്സർലാന്റ് | 172471 | അനുവദിച്ചിട്ടില്ല | ശ്രീമതി. റാണി ജോർജ്ജ് IAS ഡയറക്ടർ, ടൂറിസം | 176436 | 04.08.2011 to 09.08.2011 |
| 2. | ഇംഗ്ലണ്ട് | 263310 | അനുവദിച്ചിട്ടില്ല | ശ്രീ. ടി.കെ.മനോജ് കുമാർ IAS സെക്രട്ടറി, ടൂറിസം | 289256* | 05.11.2011 to 11.11.2011 |
| 3. | സൗദി അറേബ്യ | 183283 | അനുവദിച്ചിട്ടില്ല | ശ്രീ. ടി.കെ.മനോജ് കുമാർ IAS സെക്രട്ടറി, ടൂറിസം | 115128 | 06.05.2012 to 08.05.2012 |
| 4. | ആസ്ട്രേലിയ | 359733 | 2,26,944 | ശ്രീ. സുമൻ ബില്ല IAS സെക്രട്ടറി, ടൂറിസം | 332692 | 20.10.2012 to 26.10.2012 |
| 5. | ബെൽജിയം, ഫ്രാൻസ്, ഇറ്റലി | 260256 | 1,95,357 | ശ്രീമതി. റാണി ജോർജ്ജ് IAS ഡയറക്ടർ, ടൂറിസം | 257510 | 20.01.2013 to 26.01.2013 |
| 6. | ജർമ്മനി | 273084 | 2,31,426 | ശ്രീ. സുമൻ ബില്ല IAS സെക്രട്ടറി, ടൂറിസം | 331806 | 05.03.2013 to 11.03.2013 |
| 7. | ജപ്പാൻ | 283145 | അനുവദിച്ചിട്ടില്ല | ശ്രീ. സുമൻ ബില്ല IAS സെക്രട്ടറി, ടൂറിസം | 379925 | 12.09.2013 to 15.09.2013 |
| 8. | അമേരിക്ക | 662474 | അനുവദിച്ചിട്ടില്ല | ശ്രീ. സുമൻ ബില്ല IAS സെക്രട്ടറി, ടൂറിസം | 657460 | 20.10.2013 to 25.10.2013 |

* സ്കാൻഡിനേവിയൻ രാജ്യങ്ങളിൽ നടത്തിയ വർക്ക്ഷോപ്പുകളുടെ ചെലവും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ